LIBRARY ARCHIVES Kerala Legislative Assembly

സന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 16-9-2019-ൽ നൽകുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ മറുപടി ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി ആവശ്യപ്പെട്ടതിൻ പ്രകാരം മാറ്റങ്ങൾ ഡി.പി.ആർ.-ൽ വരുത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി നൽകിയിരുന്നത്?

ടി പദ്ധതിക്ക് 10-7-2017-ലെ ജി. ഒ.(ആർ.ടി) നമ്പർ 942/2017/PWD പ്രകാരം ഭരണാനുമതി ലഭിച്ചു.

(സി) ഇതിന്റെ സാമ്പത്തിക അനുമതി വൈകുന്നത് എന്തുകൊണ്ടെന്നും ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

സാമ്പത്തിക അനുമതിക്കായി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിച്ചിരുന്ന ഡി.പി.ആർ.-മേൽ കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി എസ്.പി.വി.ക്ക് നൽകി. ടി റിപ്പോർട്ടിൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും പാലത്തിന്റെയും അനുബന്ധ നിർമ്മിതികളുടെയും ഡിസൈനിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും കൂടുതൽ വിശദമായ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടു. ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ ഇപ്പോൾ പൂർത്തിയായിട്ടുണ്ടെന്നും കിഫ്ബി ആവശ്യപ്പെട്ട വിശദീകരണങ്ങൾക്കുള്ള വിശദമായ മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട എസ്.പി.വി-കളുമായി നിശ്ചിത ഇടവേളകളിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

കിഫ്ബി മുഖേനയുള്ള ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

96(106) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെത്തി ഹാർബർ, മൊബിലിറ്റി ഹബ്ബ്, ജില്ലാകോടതി പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ചെത്തി ഫിഷിംഗ് ഹാർബർ, ആലപ്പുഴ ജില്ല:

ചെത്തി മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിക്ക് 13-2-2020-ൽ കിഫ്ബി 97.43 കോടി രൂപയുള്ള ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇതിനോടകംതന്നെ ടെണ്ടർ ചെയ്തുകഴിഞ്ഞു. ഹാർബർ നിർമ്മാണം 36 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ കോടതി പാലം:

ജില്ലാ കോടതി പാലത്തിന്റെ നിർമ്മാണത്തിനായി 120.52 കോടി രൂപയുള്ള പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.

ആലപ്പുഴ മൊബിലിറ്റി ഹബ്ബ്:

ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണപ്രവർത്തനങ്ങൾ പ്രധാനമായും രണ്ടുഘട്ടമായിട്ടാണ് നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിനോടനുബന്ധിച്ച ലാൻഡ് ഡെവലപ്മെന്റ് പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു, കൂടാതെ ഗ്യാരേജിന്റെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. മൂന്ന് മാസത്തിനുള്ളിൽതന്നെ ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിൽ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളോടുകൂടി തന്നെ മൊബിലിറ്റി ഹബ്ബിന്റെ പൈലിംഗ് പ്രവൃത്തികളുടെ ജോലിയും കരാറുകാരനെ ഏല്പിച്ചിട്ടുണ്ട്. പൈലിംഗ് പ്രവൃത്തികൾ അധികം വൈകാതെ തന്നെ ആരംഭിക്കുമെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

97(107) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?